**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :492 **03.03.2020**-ലെ മറുപടിക്ക്

## <u>പെട്രോകെമിക്കൽ പാർക്ക് പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കിഫ്ബി മുഖേന വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്ക് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **(എ)** കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിക്കായി 481.79 ഏക്കർ ഭൂമി എഫ്.എ.സി.റ്റി കിൻഫ്രക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പെട്രോ കെമിക്കൽ വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഈ മേഖലയിൽ സ്വകാര്യ നിക്ഷേപവും തൊഴിലവസരവും ആകർഷിക്കുവാനാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | **(ബി)** 481.79 ഏക്കർ ഭൂമി എഫ്.എ.സി.റ്റി കിൻഫ്രക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. ഇതിൽ നിന്ന് 171 ഏക്കർ ഭൂമി ബി.പി.സി.എൽ നു അവരുടെ പദ്ധതിക്കായി അലോട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പാരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**